ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി പത്തനാപുരം താലൂക്ക് കമ്മിറ്റി അംഗം പുനലൂർ എസ്. എൻ. കോളേജ് റീജിയണൽ കമ്മിറ്റി ചെയർമാൻ തുടങ്ങിയ വിവിധ സ്ഥാനങ്ങളും അദ്ദേഹം അലങ്കരിച്ചിരുന്നു. 1957 മുതൽ 1959 വരെ കേരളാ നിയമസഭയിൽ അംഗമായിരുന്ന ശ്രീ. ഗോപാലൻ പുനലൂർ നിയോജകമണ്ഡലത്തെയാണ് പ്രതിനിധാനം ചെയ്തിരുന്നത്. 1952-ൽ തിരു-കൊച്ചി നിയമസഭയിലും അദ്ദേഹം അംഗമായിരുന്നു. നല്ലൊരു അദ്ധ്യാപകൻ, ട്രേഡ് യൂണിയൻ പ്രവർത്തകൻ, സാമൂഹ്യ സേവകൻ, നിസ്വാർത്ഥനായ രാഷ്ട്രീയ പ്രവർത്തകൻ എന്നീ നിലകളിൽ ശ്രീ. ഗോപാലൻ അനുഷ്ഠിച്ച സേവനം സ്മരണീയമാണ്.

സ്വാതന്ത്ര്യ സമരത്തിലൂടെ പൊതുജീവിതത്തിൽ പ്രവേശിച്ച ശ്രീ. ഇ ടി. കുഞ്ഞൻ ഹരിജനോദ്ധാരണ പ്രവർത്തനങ്ങളും വഴിയാണ് രാഷ്ട്രീയത്തിൽ കാലൂന്നിയത്. പൊന്നാനി താലൂക്കിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആദ്യകാല പ്രവർത്തകനെന്ന നിലയിൽ അദ്ദേഹത്തിന് ഒട്ടേറെ പീഡനങ്ങളും യാതനകളും അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. ഗുരുവായൂർ സത്യാഗ്രഹത്തിൽ അദ്ദേഹം സജീവമായ പങ്ക് വഹിച്ചിരുന്നു. 1952-ൽ മദിരാശി നിയമസഭയിലേക്ക് ശ്രീ. കുഞ്ഞൻ തെരഞ്ഞെടുക്കപ്പെട്ടു. 1957-ൽ പൊന്നാനി നിയോജകമണ്ഡലത്തിൽനിന്നും 1965-ലും 67-ലും തൃത്താല

III അടിയന്തിര പ്രമേയം

താൽക്കാലിക റേഷൻ കാർഡുടമകൾക്ക് സ്ഥിരം കാർഡ് നൽകാത്തതിനെത്തുടർന്ന് റേഷൻ ലഭിക്കാൻ ഇടയില്ലാത്ത സാഹചര്യംമൂലം ഉളവായ ഗുരുതരാവസ്ഥ

മി. സ്പീക്കർ : 1986 മാർച്ച് 31 വരെ താൽക്കാലിക കാർഡ് നൽകിയിരുന്ന അഞ്ച് ലക്ഷത്തോളം കാർഡുടമകൾക്ക് സ്ഥിരം കാർഡ് നൽകാത്തതിനെത്തുടർന്ന് റേഷൻ ലഭിക്കാൻ ഇടയില്ലാത്ത സാഹചര്യംമൂലം ഉളവായതായി പറയപ്പെടുന്ന ഗുരുതരാവസ്ഥ ചർച്ച ചെയ്യാൻ ഇന്നത്തെ സഭാ നടപടികൾ നിറുത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ എ. വി. താമരാക്ഷൻ, കോടിയേരി ബാലകൃഷ്ണൻ, കാനം രാജേന്ദ്രൻ, വി. സി. കബീർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) : സർ, കഴിഞ്ഞ വർഷം നവംബർ 1-ാം തീയതി മുതലാണ് കാർഡുകൾ പുതുക്കി ഇഷ്യൂ ചെയ്തത്. കേരളത്തിലൊട്ടാകെ അതിനുമുമ്പായി നാല്പത്തിമൂന്നേമുക്കാൽ ലക്ഷം കാർഡുകളാണ് ഉണ്ടായിരുന്നത്. ആ കാർഡുകൾ അതിന് അഞ്ച് കൊല്ലം മുമ്പ് കൊടുത്തപ്പോൾ വീട് വീടാന്തരം കയറിയിറങ്ങി പരിശോധന നടത്തിയിട്ടല്ല കൊടുത്തത്. അതിന് പത്ത് കൊല്ലം മുമ്പ് മാത്രമാണ് അത്തരത്തിലുള്ള പരിശോധന നടത്തിയത്. പക്ഷെ ഈ കഴിഞ്ഞ വർഷം കാലാവധി പൂർത്തിയാകുന്നതിനുമുമ്പായി എല്ലാ വീടുകളിലും കയറിയിറങ്ങി എന്യൂമറേഷൻ നടത്തിയിട്ടാണ് കാർഡുകൾ വിതരണം ചെയ്തത്. അങ്ങനെ കാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചപ്പോൾ നാല്പത്തിമൂന്നേമുക്കാൽ ലക്ഷം കാർഡുകളുടെ സ്ഥാനത്ത് നാല്പത്തെട്ട് ലക്ഷത്തിലധികം കാർഡുകൾക്ക് അപേക്ഷ ലഭിച്ചു. അതിൽനിന്ന

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലാക്കേണ്ടതു് ചില പത്രങ്ങളിൽ വന്നതുപോലെ അഞ്ചു് ലക്ഷം കാർഡുടമകളൊന്നും കാർഡില്ലാതെയിരിക്കുന്നില്ല എന്നാണു്. അതു് ശരിയല്ല. ടെമ്പററി-കാർഡുകൾ 4,32,500 എണ്ണം മാത്രമാണു് വിതരണം ചെയ്തതു്. ആ ടെമ്പററി കാർഡുകളും വിതരണം ചെയ്യാനുള്ള കാരണം, ആ കാർഡുടമകളും ശരിയായ രീതിയിൽ ഡിക്ലറേഷൻ നൽകാതിരിക്കുകയോ പരിശോധനയ്ക്കു് ചെന്നപ്പോൾ വീട്ടിൽ ഇല്ലാതിരിക്കുകയോ ചെയ്തതാണു്. അങ്ങനെയുള്ള കാരണങ്ങളുടെ അടിസ്ഥാനത്തിലാണു് നാലു് ലക്ഷത്തിൽ ചിലപ്പോൾ കാർഡുടമകൾക്കു് താൽക്കാലിക കാർഡുകൾ നൽകിയതു്. ഇങ്ങനെ താൽക്കാലിക കാർഡുകൾ നൽകുമ്പോൾ കേരളാ റേഷനിംഗ് ഓർഡറിൽ ഒരു വ്യവസ്ഥയുണ്ടു്. താൽക്കാലിക കാർഡു് ആർക്കാണെങ്കിലും അഞ്ചു് മാസത്തേക്കു മാത്രമേ നൽകാൻ കഴിയൂ. നാലു് ലക്ഷത്തിൽ ചിലപ്പോൾ താൽക്കാലിക കാർഡുകൾ വിതരണം ചെയ്തതു് നവംബർ 1-ാം തീയതിയാണു്. അപ്പോൾ ഇന്നത്തോടുകൂടി ടെമ്പററി കാർഡുകളുടെ കാലാവധി പൂർത്തിയാകും. പക്ഷെ നാലു് ലക്ഷത്തിൽ ചിലപ്പോൾ ടെമ്പററി കാർഡുകൾ വിതരണം ചെയ്തതിൽ ഇനി 1,15,000 ത്തോളം കാർഡുടമസ്ഥർക്കു് മാത്രമേ ടെമ്പററി കാർഡുള്ളൂ. ബാക്കിയെല്ലാം ഇഷ്യൂ ചെയ്തുകഴിഞ്ഞു. ഒരു ലക്ഷത്തിൽ ചിലപ്പോൾ കാർഡുകൾ ബാക്കിയുള്ളതു്, അവർക്കു് വ്യക്തമായിട്ടുള്ള സ്ഥിതിവിവരക്കണക്കുകൾ നൽകാൻ കഴിയാത്തതുകൊണ്ടോ അതല്ല പരിശോധനയ്ക്കായി ഉദ്യോഗസ്ഥൻമാർ വീടുകളിൽ ചെന്നപ്പോൾ കാണാതിരുന്നതുകൊണ്ടോ, ഇങ്ങനെയുള്ള സാങ്കേതിക കാരണങ്ങൾ കൊണ്ടാണു്. പക്ഷെ ഒന്നിൽ ചിലപ്പോൾ ലക്ഷം അർഹരായിട്ടുള്ള താൽക്കാലിക കാർഡുടമകൾക്കെല്ലാം കാർഡു് കൊടുക്കണമെന്നു് ഗവൺമെൻറിനു് നിർബന്ധമുള്ളതുകൊണ്ടു് ടെമ്പററി കാർഡുകളുടെ കാലാവധി ഇന്നുമുതൽ രണ്ടു് മാസത്തേക്കുകൂടി നീട്ടാൻ ഗവൺമെൻറു് തീരുമാനിച്ചിട്ടുണ്ടു്. അതുകൊണ്ടു് ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ പ്രകടിപ്പിച്ചപോലെയുള്ള സംഘർഷത്തിനു് യാതൊരവകാശവുമില്ല. അർഹരായിട്ടുള്ള എല്ലാ ആളുകൾക്കും രണ്ടു് മാസത്തേക്കുകൂടി കാർഡു് ലഭിക്കുന്നതാണു്.

ശ്രീ. എ. വി. താമരാക്ഷൻ : സർ, വളരെ ലാഘവത്തോടുകൂടിയാണു്, ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി ഇതിനു് മറുപടി പറഞ്ഞതു്. ഈ സംസ്ഥാന ഗവൺമെൻറിൻറെ വളരെ കുറ്റകരമായ അനാസ്ഥമൂലം ലക്ഷക്കണക്കിനു് പട്ടിണിപ്പാവങ്ങൾക്കു് നാളെ മുതൽ റേഷനരി പോലും വാങ്ങിക്കുവാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷം സംജാതമായിരിക്കുകയാണു്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു്, നമ്മുടെ സംസ്ഥാനത്തു് 43,73,244 റേഷൻ കാർഡുടമകളാണു് എന്നാണു്. കഴിഞ്ഞ വർഷം റേഷൻ കാർഡുകൾ പുതുക്കിയ അവസരത്തിൽ താലൂക്കു് സപ്ലൈ ആഫീസുകളിലും സിറ്റി റേഷനിംഗ് ആഫീസുകളിലും ഇതിനെ സംബന്ധിച്ചു് പരിശോധന നടത്തി അവസാന തീരുമാനമെടുക്കുവാൻ കാലതാമസമുണ്ടായപ്പോൾ താൽക്കാലിക കാർഡുകൾ നൽകാൻ നിർബന്ധിതരായി. ഇന്നു് നിലവിലുള്ള റേഷനിംഗ് ചട്ടമനുസരിച്ചു് ഒരിക്കൽ താൽക്കാലിക കാർഡു് കൊടുത്തുകഴിഞ്ഞാൽ അതു് അഞ്ചു് മാസക്കാലത്തേക്കു് മാത്രമാണു്. പിന്നീടു് ഒരു കാരണവശാലും കാലാവധി നീട്ടിക്കൊടുക്കാൻ വ്യവസ്ഥയില്ല. ഗവൺമെൻറിനു് ചെയ്യാൻ കഴിയുന്നതു് വീണ്ടും അഞ്ചു് മാസത്തേക്കുകൂടി റേഷൻ കാർഡുകൾ താൽക്കാലികമായി കൊടുക്കുകയെന്നുള്ളതാണു്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ രണ്ടു് മാസത്തേക്കുകൂടി നീട്ടിക്കൊടുക്കാമെന്നു് പറഞ്ഞു. എങ്ങനെയാണു് നീട്ടിക്കൊടുക്കാൻ കഴിയുന്നതു്? ഇന്നു് നിലവിലുള്ള ചട്ടമനുസരിച്ചു് റേഷൻ കാർഡു് താൽക്കാലികമായി കൊടുത്തുകഴിഞ്ഞാൽ അഞ്ചു് മാസക്കാലത്തേക്കു് മാത്രമേ കൊടുക്കാവൂ. അതിൽക്കൂടുതൽ കൊടുക്കുവാൻ കഴിയുകയില്ല. അതിനു് വിരുദ്ധമായി

LIBRARY ARCHIVES Kerala Legislative Assembly

ട്ടാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞത്. നമ്മുടെ സംസ്ഥാനത്ത് താലൂക്ക് സപ്ലൈ ആഫീസുകളിലും താലൂക്ക് ആഫീസുകളിലും മന്ത്രി പറഞ്ഞ കണക്കനുസരിച്ച് നാലേമുക്കാൽ ലക്ഷം താൽക്കാലിക കാർഡുടമസ്ഥർക്ക് സ്ഥിരം കാർഡ് നൽകുന്നതിനുവേണ്ടി അഞ്ച് മാസക്കാലമായിട്ടും കഴിഞ്ഞില്ല. കാർഡിനുവേണ്ടി ചെല്ലുന്ന ആളുകൾക്ക് പല തരത്തിലുള്ള ഒട്ടനവധി സർട്ടിഫിക്കറ്റുകൾ സമർപ്പിക്കേണ്ടി വരുന്നു. ഒന്ന്, മുമ്പ് താമസിച്ചിരുന്ന സ്ഥലത്ത് കാർഡ് ഉണ്ടായിരുന്നുവെങ്കിൽ ആ കാർഡിൽനിന്നും യൂണിറ്റ് വെട്ടിക്കുറച്ച സർട്ടിഫിക്കറ്റ് കാണിക്കണം. രണ്ട്, താൽക്കാലിക കാർഡിലുള്ളവരുടെ പേരുകൾ മറ്റ് കാർഡിൽ ഉൾപ്പെട്ടിട്ടില്ലായെന്നുള്ള സർട്ടിഫിക്കറ്റ് കാണിക്കണം. മൂന്ന്, കാർഡിൽ പേരുള്ള കുട്ടികളുടെ ജനന സർട്ടിഫിക്കറ്റ് ഹാജരാക്കണം. പിന്നെ താമസസ്ഥലം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് കാണിക്കണം. ഇതിനുവേണ്ടി പാവപ്പെട്ട ആളുകൾ കഴിഞ്ഞ നാലഞ്ച് മാസമായി വില്ലേജാഫീസുകൾ, മുനിസിപ്പാലിറ്റികൾ, പഞ്ചായത്താഫീസുകൾ, താലൂക്കാഫീസുകൾ ഇവിടെയെല്ലാം കയറിയിറങ്ങി നടക്കുകയാണ്. ജോലി ഉപേക്ഷിച്ചുകൊണ്ട് പട്ടിണി പാവങ്ങൾ റേഷൻ കാർഡിനുവേണ്ടി ഈ ആഫീസുകളിൽ കയറിയിറങ്ങി നടക്കുന്നു. സാമ്പത്തിക വർഷാവസാനമെന്നുള്ള നിലയിൽ മാർച്ച് അവസാനത്തിൽ പണപ്പിരിവും മറ്റ് കാര്യങ്ങളും ഉള്ളതുകൊണ്ട് ഉദ്യോഗസ്ഥൻമാർക്ക് ഈ കാര്യം നോക്കാൻ സമയമില്ല. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കണക്കനുസരിച്ചാണെങ്കിൽ നാളെമുതൽ ഒന്നേകാൽ ലക്ഷം കുടുംബങ്ങൾക്ക് റേഷൻ ലഭിക്കുവാൻ പോകുന്നില്ലയെന്നുള്ളതാണ് സത്യം. ചട്ടമനുസരിച്ച് പുതുതായി താൽക്കാലിക കാർഡ് കൊടുത്തുകൊണ്ടുമാത്രമേ ഇത് പരിഹരിക്കുവാൻ കഴിയൂ. അതിനുവേണ്ട നടപടി സ്വീകരിക്കുകയും അതോടൊപ്പംതന്നെ വീണ്ടും താൽക്കാലിക കാർഡുകൾ മാറ്റി സ്ഥിരം കാർഡുകൾ കൊടുക്കുന്നതിന് ഈ ചട്ടങ്ങളിൽ മാറ്റം വരുത്തിക്കൊണ്ട് നടപടി സ്വീകരിക്കുവാൻ തയ്യാറാവുകയും വേണം. ഈ ഗവൺമെൻറിന്റെ അനാസ്ഥകൊണ്ട്, മന്ത്രി പറഞ്ഞതനുസരിച്ചുതന്നെ ഒന്നേകാൽ ലക്ഷം കുടുംബങ്ങളെ വഴിയാധാരമാക്കുന്ന ഈ നടപടികളെക്കുറിച്ച് ചർച്ച ചെയ്യണം. അതിനുവേണ്ടി ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ ബീരാൻ) സർ, ബഹുമാനപ്പെട്ട താമരാക്ഷൻ പറയുന്നതുപോലെ ഈ സംഗതികൾ ലാഘവബുദ്ധിയോടുകൂടിയൊന്നുമല്ല ഗവൺമെൻറ് കൈകാര്യം ചെയ്തിരിക്കുന്നത്. വളരെ ശ്രമകരമായ ഒരു ജോലിയാണ് സിവിൽസപ്ലൈസ് ഡിപ്പാർട്ടുമെൻറ് ഈ കാര്യത്തിൽ ചെയ്തിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്തെ ഏതാണ്ട് നാൽപ്പത്തെട്ടു ലക്ഷത്തോളം വരുന്ന ആളുകളുടെ കാർഡുകൾ പരിശോധിച്ച് അവർക്ക് പുതിയ കാർഡുകൾ ഇഷ്യൂ ചെയ്തു കഴിഞ്ഞു. അർഹരായിട്ടുള്ള എല്ലാവർക്കും കാർഡു ലഭിക്കും. ഇതിൽ സാങ്കേതികമായ ഒരു കാര്യമാണ് ശ്രീ. താമരാക്ഷൻ പറഞ്ഞത്. ടെമ്പററി കാർഡുകൾ ഇഷ്യൂ ചെയ്യുമ്പോൾ അത് അഞ്ചു മാസത്തേക്ക് മാത്രമേ പാടുള്ളൂ എന്നാണ്. അത് എങ്ങനെ നീട്ടിക്കൊടുക്കാൻ കഴിയും എന്നാണ് ശ്രീ. താമരാക്ഷൻ ചോദിച്ചത്. ആ ടെമ്പററി കാർഡുകളുടെ കാലാവധി ഇന്നുകൊണ്ടു തീരുകയാണ്. നാളെമുതൽക്ക് അവർക്ക് പുതിയ ടെമ്പററി കാർഡുകൾ ഇഷ്യൂ ചെയ്തതായി കാണിച്ച് രണ്ടു മാസത്തിനുള്ളിൽ അർഹരായിട്ടുള്ള എല്ലാ ആളുകൾക്കും പുതിയ കാർഡുകൾ ലഭിക്കും. അതിൽ സംശയം വേണ്ട, അതുകൊണ്ട് ഇത് ചർച്ച ചെയ്യേണ്ട ആവശ്യമില്ല എന്നാണ് എനിക്കു പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ബഹുമാനപ്പെട്ട സിവിൽസപ്ലൈസ് വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിരപ്രമേയത്തിന് അനുമതി നിഷേധിക്കുകയാണ്.

IV ശ്രദ്ധക്ഷണിക്കൽ

(1) കൈത്തറിമേഖലയിലെ തൊഴിലാളികളും കൈത്തറി സഹകരണ സംഘങ്ങളും നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, കേരളത്തിന് പ്രശസ്തി നേടിക്കൊടുത്ത ഒരു പരമ്പരാഗത വ്യവസായമാണ് കൈത്തറി. പക്ഷേ ഇന്ന് സർക്കാരിന്റെ അനാസ്ഥമൂലം, അതിനോടുള്ള ലാഘവബുദ്ധിയോടെയുള്ള സമീപനം കാരണം, ആ വ്യവസായം ഓരോ ദിവസം കഴിയുംതോറും ഇഞ്ചിഞ്ചായി നശിച്ചുകൊണ്ടിരിക്കുകയാണ്. ഏതാണ്ട് മൂന്നരലക്ഷത്തോളം വരുന്ന തൊഴിലാളികളും കൈത്തറി മേഖലയെ ആശ്രയിച്ച് ഇപ്പോഴും ജീവിക്കുന്നുണ്ട്. അവർ കഴിഞ്ഞ ഒന്നരമാസക്കാലമായി തൊഴിലില്ലായ്മമൂലം ദാരിദ്ര്യവും കൊടുംപട്ടിണിയും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കൈത്തറിത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് സഹകരണമേഖല ഈ രംഗത്ത് വന്നത്. സഹകരണമേഖലയിലേക്ക് കൈത്തറിത്തൊഴിലാളികളിൽ 60 ശതമാനത്തിനേയും കൊണ്ടുവരാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പക്ഷേ ആ സഹകരണമേഖലയും ഗവൺമെന്റിന്റെ കാര്യക്ഷമമായ ശ്രദ്ധ കിട്ടാത്തതുമൂലം, ആവശ്യാനുസരണം അത്യാവശ്യ സന്ദർഭങ്ങളിൽ ചെയ്യേണ്ടത് ചെയ്യാത്തതു കൊണ്ട് തകരുകയും അവിടെ ഉൽപ്പാദനം സ്തംഭിക്കുകയും ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുകയും ചെയ്യുകയാണ്.

അതുപോലെതന്നെ കൈത്തറി വ്യവസായത്തിന് ഒരു ആശ്വാസ നടപടിയായി, പലപ്പോഴും ഒരു രക്ഷകൻ എന്ന നിലയിൽ രംഗത്തു വരുന്നത് റിബേറായിരുന്നു. ആ റിബേറ് ഇനത്തിൽ സഹകരണ സംഘങ്ങൾക്ക് കിട്ടാനുള്ള കാശിനെക്കുറിച്ച് ഒരുപാട് മുറവിളികൾ ഈ സഭാതലത്തിൽ ഉയർന്നുവന്നതാണ്. ഓരോ സഹകരണ സംഘത്തിനുമായി ഇന്നു കിട്ടാനുള്ള തുക പരിശോധിച്ചു നോക്കിയാൽ അത് ഏകദേശം ഏഴുകോടി രൂപയ്ക്കും ഒൻപതു കോടി രൂപയ്ക്കും ഇടയിൽ വരും. 1984 മുതൽ കിട്ടാക്കടമായിക്കിടക്കുന്ന ഈ റിബേറ് കിട്ടാത്തതുകൊണ്ട് തൊഴിലാളികൾക്ക് കൂലികൊടുക്കുവാൻ കഴിയുന്നില്ല. ആ വ്യവസായത്തിനാവശ്യമായ നൂലും മറ്റു കാര്യങ്ങളും വാങ്ങി ഉൽപ്പാദനം നടത്താൻ സാധിക്കുന്നില്ല. ഒരുഭാഗത്ത് ഉൽപ്പാദനം സ്തംഭിക്കുകയും മറുവശത്ത് ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുകയും അതേസമയംതന്നെ സർക്കാരിൽനിന്നും കിട്ടാനുള്ള കാശ് കിട്ടാതിരിക്കുകയും ചെയ്യുന്നു. അങ്ങനെ ഒരു ദുഃസ്ഥിതി മാറ്റത്തെങ്കിലും വ്യവസായത്തിനുണ്ടോയെന്നു ചോദിച്ചാൽ, ഇല്ല എന്നാണ് ഉത്തരം.

സർ, സഹകരണമേഖലയിൽപ്പെടാത്ത ഏതാണ്ട് ഒന്നര ലക്ഷത്തോളം പരമ്പരാഗത തൊഴിലാളികൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. അവർക്ക് വ്യവസായത്തിനാവശ്യമായ നൂൽ ന്യായമായ വിലയ്ക്ക് കിട്ടുന്നില്ല. നൂലിന് ആഴ്ചതോറും അല്ലെങ്കിൽ മാസംതോറും, അല്ലെങ്കിൽ കാലഘട്ടത്തിനനുസരിച്ച് വിലയിൽ വ്യത്യാസം വരുന്നു. നൂലിന് ക്ഷാമമില്ലെങ്കിൽപോലും നൂലിന്റെ വില ക്രമാതീതമായി വർദ്ധിക്കുന്നു. മറ്റു സാധനങ്ങളുടെ വില വർദ്ധിക്കുന്നു. അതുകൊണ്ട് സാധനങ്ങൾ വാങ്ങി തുണി ഉൽപ്പാദിപ്പിക്കാൻ കഴിയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly